LIBRARY ARCHIVES Kerala Legislative Assembly

ഗെയിംസ് വില്ലേജിലെ വസതികളുടെ പുനർവിനിയോഗം

291 (3113) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 35-ാമത് ദേശീയ ഗെയിംസ് വില്ലേജിലെ പ്രീ-ഫാബ്രിക്കേറ്റഡ് വസതികളുടെ പുനർവിനിയോഗത്തിനായി ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ്, ചാലക്കുടി ഹൗസിംഗ് ബോർഡ് കോളനി റസിഡൻസ് അസോസിയേഷൻ, വിവിധ വിദ്യാലയങ്ങൾ എന്നിവർ നൽകിയ അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത സ്ഥാപനങ്ങളുടെ അപേക്ഷകൾ ലഭിച്ചതായി കാണുന്നില്ല. ദേശീയ ഗെയിംസ് വില്ലേജിലെ പ്രീ-ഫാബ്രിക്കേറ്റഡ് യൂണിറ്റുകൾ വിവിധ സർക്കാർ വകുപ്പുകൾക്കും/സ്പോർട്സ് സ്കൂളുകൾ, മറ്റ് ഏജൻസികൾ എന്നിവിടങ്ങളിലെ കായിക സംബന്ധിയായ ആവശ്യങ്ങൾക്കുമായി അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ സിന്തറ്റിക് ബാസ്കറ്റ്ബോൾ കോർട്ട്

292 (3114) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ സിന്തറ്റിക് ബാസ്കറ്റ്ബോൾ കോർട്ട് നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ കോളേജിൽ സിന്തറ്റിക് ബാസ്കറ്റ് ബോൾ കോർട്ട് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം 2013-14 സാമ്പത്തിക വർഷത്തെ സ്പിൽ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനതല ഉന്നതാധികാര സമിതി മുമ്പാകെ സമർപ്പിച്ചിരുന്നുവെങ്കിലും പദ്ധതി അംഗീകരിക്കപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത നിർദ്ദേശം പൂരിപ്പിച്ച എസ്റ്റിമേറ്റ് സഹിതമുള്ള അപേക്ഷയായി വീണ്ടും സമർപ്പിക്കുകയാണെങ്കിൽ നടപ്പ് സാമ്പത്തിക വർഷത്തെ സ്പിൽ പദ്ധതിയിൽ ഉൾപ്പെടുത്തി പരിഗണിക്കുന്നതിനായി സംസ്ഥാനതല സമിതി മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

സ്പോർട്സ്/ഗെയിംസ് അസോസിയേഷനുകൾക്ക് പാട്ടത്തിന് ലഭിച്ച സർക്കാർ ഭൂമി

293 (3115) ശ്രീ. വി., എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്പോർട്സ്/ഗെയിംസ് അസോസിയേഷനുകൾക്ക് സർക്കാർ ഭൂമി പാട്ടത്തിന് നൽകാറുണ്ടോ ; എങ്കിൽ അത്തരത്തിൽ എത്ര അസോസിയേഷനുകൾക്ക് ഭൂമി നൽകിയിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകാമോ ;

(ബി) ഇതിൽ എത്ര അസോസിയേഷനുകൾ പാട്ടത്തിൽ ലഭിച്ച ഭൂമി അസോസിയേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസരിച്ചും സർക്കാർ നിയമങ്ങൾക്കനുസരിച്ചും വിനിയോഗിക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം അറിയിക്കുമോ ;

(സി) ഇവയിൽ എത്രയെണ്ണം കൈമാറ്റം ചെയ്തിട്ടുണ്ടെന്നും എത്രയെണ്ണം കമേഴ്സ്യൽ പർപ്പസിനുവിട്ടുനൽകിയിട്ടുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട് ;

(ഡി) ഇതുസംബന്ധിച്ച് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; എങ്കിൽ ഏറ്റവും ഒടുവിൽ പരിശോധന നടന്നത് എന്നാണെന്നും അതിന്റെ വിവരങ്ങളും അറിയിക്കുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക സംഘടനകൾക്കൊന്നും കൗൺസിലിൽനിന്നും ഭൂമി പാട്ടത്തിന് നൽകിയിട്ടില്ല.

(ബി-ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly